പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 937 14-10-2026-ൽ മറുപടിയ്ക്ക്

കൂത്തുപറമ്പ് മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. പി. കെ. പ്രവീൺ	ശ്രീ. മോൻസ് ജോസഫ് (ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളും അവയുടെ നിലവിലെ പുരോഗതിയും തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

മറുപടി: കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ മൊകേരി ഗ്രാമ പഞ്ചായത്തിൽ കല്ലിൽ താഴെ തോടിന് കുറുകെ ഭൂജല വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയുക്തമാക്കി ചെക്ക് ഡാം നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക 9.35 ലക്ഷം രൂപയാണ്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

ജലസേചന വകുപ്പിനു കീഴിൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ നിലവിൽ PyIP – Clearing Jungle and fixing of boundary stones of departmental land under PyIP section No.3, Koothuparamba during digital survey conducted by Revenue Department in Kottayam Grama Panchayath എന്ന ഒരു പ്രവൃത്തി ആണുള്ളത്. കോട്ടയം പഞ്ചായത്തിൽ ഉൾപ്പെടുന്ന പ്രസ്തുത പ്രവൃത്തിയുടെ ഡിജിറ്റൽ സർവ്വെ കഴിഞ്ഞു. സർവ്വെക്കല്ല് ലഭ്യമായിട്ടില്ല.

കൂത്തുപറമ്പ് മുൻസിപ്പാലിറ്റി-അമൃത് പദ്ധതിക്കു കീഴിൽ കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും കുടിവെള്ള കണക്ഷൻ നൽകുന്നതിനുമുള്ള 8.6 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ രണ്ടാം ഘട്ട പ്രവൃത്തി നടപ്പിലാക്കി വരുന്നു. നിലവിലെ ഈ രണ്ടാം ഘട്ട പ്രവൃത്തിയിൽ വിഭാവനം ചെയ്തത്-12.884 കിലോമീറ്റർ പൈപ്പ് ലൈനും 3000 കുടിവെള്ള കണക്ഷനുകളുമാണ്. ഇതിൽ പൈപ്പ് ലൈൻ പ്രവൃത്തി 8 കിലോമീറ്റർ പൂർത്തീകരിക്കുകയും 134 കണക്ഷനുകളിൽ കുടിവെള്ളം നൽകുകയും ചെയ്തിട്ടുണ്ട് . നിലവിൽ പ്രവൃത്തി 34% പുരോഗതി കൈവരിച്ചു. പ്രവൃത്തി തുടരുന്നതിനാവശ്യമായ റോഡ് കട്ടിങ് അനുമതിക്ക് വേണ്ടിയുള്ള അപേക്ഷകൾ പൊതുമരാമത്ത് വകുപ്പിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയ്ക്ക് അനുമതി നൽകുന്ന കാര്യം പരിശോധിച്ച് വരുന്നു.

റിംഗ് റോഡ് പ്രവൃത്തി – (KRFB Deposit)- കുത്തുപറമ്പ് നഗരസഭയിലെ റിംഗ് റോഡിൽ KRFB യുടെ റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ ഭാഗമായി പൈപ്പ് ലൈൻ മാറ്റിയിടുന്നതിനു വേണ്ടി(യൂട്ടിലിറ്റി ഷിഫ്റ്റിംഗ്) പ്രവൃത്തിക്കു 1.63 കോടി രൂപയ്ക്കു ഭരണാനുമതി നൽകുകയും 29/12/2025നു പ്രവൃത്തി ആരംഭിച്ചതുമാണ്. പ്രസ്തുത പ്രവൃത്തിയിൽ 8.2 km പൈപ്പ് ലൈനുകളാണ് സ്ഥാപിക്കേണ്ടത്. 2km ചെയിനേജ് ആണ് KRFB പ്രവൃത്തി ആരംഭിക്കാൻ നൽകിയത്. ഇതിൽ 1.4 km പൈപ്പ് സ്ഥാപിച്ച ശേഷം പ്രവൃത്തി നിർത്തി വെച്ചിരിക്കുകയാണ്. ഇരുഭാഗത്തും പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. എന്നാൽ റോഡ് ചെയിനേജിൽ മരങ്ങൾ എടുത്തു കളയുന്ന പ്രവൃത്തി, മൺ കൂനകൾ നീക്കുന്ന പ്രവൃത്തി, റോഡ് ലെവൽ താഴ്ത്തുന്ന പ്രവൃത്തി എന്നിവ ഇനിയും പൂർത്തീകരിയ്ക്കാൻ ഉള്ളതിനാൽ പൈപ്പ് ലൈൻ സ്ഥാപിക്കാനായിട്ടില്ല.

പാനൂർ മുൻസിപ്പാലിറ്റി-അമൃത് പദ്ധതിക്കു കീഴിൽ പാനൂർ മുൻസിപ്പാലിറ്റിയിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും കുടിവെള്ള കണക്ഷൻ നൽകുന്നതിനുമുള്ള 16.55 കോടി രൂപയ്ക്കു ഭരണാനുമതി നൽകിയ ആദ്യ ഘട്ട പ്രവൃത്തി നടപ്പിലാക്കി വരുന്നു. നിലവിലെ ഈ പ്രവൃത്തിയിൽ വിഭാവനം ചെയ്തത്-21.08 km പൈപ്പ് ലൈനും 5100 കുടിവെള്ള കണക്ഷനുകളുമാണ്. ഇതിൽ പൈപ്പ് ലൈൻ പ്രവൃത്തി 14 km പൂർത്തീകരിക്കുകയും 300 കണക്ഷനുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രവൃത്തി 32% പുരോഗതി കൈവരിച്ചു. മെയ് 2027 നോട് കൂടി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

KIIFB പദ്ധതിയുടെ ഭാഗമായി തലശ്ശേരി കുത്തുപറമ്പ് സംയോജിത കുടിവെള്ള പദ്ധതി-പ്രസ്തുത പദ്ധതിക്ക് 85.86 കോടി രൂപയുടെ ഭരണാനുമതിയും 77.12 കോടി രൂപയുടെ സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ 68 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചു കഴിഞ്ഞു. കനകമലയിലും കരിയാടും 24 ലക്ഷം, 14 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണികളുടെ പ്രവൃത്തി ആരംഭിച്ചു കഴിഞ്ഞു.

പാട്യം പഞ്ചായത്ത്- ജൽ ജീവൻ മിഷന് കീഴിൽ പാട്യം പഞ്ചായത്തിൽ കുടിവെള്ള കണക്ഷൻ നൽകുന്നതിനും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള പദ്ധതി അവസാനഘട്ടത്തിലാണ്. പാട്യം വില്ലേജിലെ നിലവിലെ ഈ രണ്ടാം ഘട്ട പ്രവൃത്തിയിൽ വിഭാവനം ചെയ്തത് 15.05 km പൈപ്പ് ലൈനും 620 കുടിവെള്ള കണക്ഷനുകളുമാണ്. ഇതിൽ പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തീകരിക്കുകയും 622 കണക്ഷനുകളിൽ കുടിവെള്ളം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 100% പൂർത്തീകരിച്ചു.

പാട്യം പഞ്ചായത്തിലെ ചെറുവാഞ്ചേരി വില്ലേജിലേക്കുള്ള കുടിവെള്ള പദ്ധതി, JJM-ൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിക്കുകയും കുടിവെള്ള കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്. 25.4 കോടി രൂപ ഭരണാനുമതി നൽകിയ പ്രസ്തുത പ്രവൃത്തി 83.778 km പൈപ്പ് ലൈൻ സ്ഥാപിച്ച് 90% പൂർത്തികരിച്ചിട്ടുണ്ട് . ഇതുവരെ 2200 HTC നൽകിയിട്ടുണ്ട്. കൂടാതെ വലിയവെളിച്ചത്തുള്ള 5 LL OHSR, അമ്മാറാമ്പ് സ്ഥിതിചെയ്യുന്ന 0.3 LL GLSR, കടവ് സ്ഥിതിചെയ്യുന്ന 0.3 LL GLSR എന്നിവ പൂർത്തീകരിച്ചു.

State plan-2024-25-ജവഹർ നവോദയ-ചെണ്ടയാട് ജവഹർ നവോദയ വിദ്യാലയത്തിന് കുടിവെള്ളം ഉറപ്പാക്കുന്നതിന് 1.99 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ പ്രവൃത്തി 100% പൂർത്തീകരിച്ചു. പ്രസ്തുത പ്രവൃത്തിയിൽ വിഭാവനം ചെയ്തത് 5.6 km പൈപ്പ് ലൈനുകളാണ്. ഇതിൽ പൈപ്പ് ലൈൻ പ്രവൃത്തി 5.4 km പൂർത്തീകരിച്ചിട്ടുണ്ട് .

മൊകേരി പഞ്ചായത്ത്: ജൽ ജീവൻ മിഷൻ മൊകേരി പഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതി - പ്രസ്തുത പ്രവൃത്തിക്ക് 28.2 കോടി രൂപയുടെ ഭരണാനുമതിയും 23.06 കോടി രൂപയുടെ സാങ്കേതിക അനുമതിയും നൽകി പ്രസ്തുത പ്രവൃത്തിയിൽ 77 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചു കഴിഞ്ഞു. വളള്യായിൽ 9.3 ലക്ഷം ലിറ്റർ ജലസംഭരണിയുടെ പ്രവൃത്തി പുരോഗമിക്കുന്നു. 1591 HTC നൽകിയിട്ടുണ്ട്.

തൃപ്പങ്ങോട്ടൂർ പഞ്ചായത്ത്: ജൽ ജീവൻ മിഷൻ തൃപ്പങ്ങോട്ടൂർ പഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതി - പ്രസ്തുത പദ്ധതിക്ക് 122.63 കോടി രൂപയുടെ ഭരണാനുമതിയും 74.52 കോടി രൂപയുടെ സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ 193 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചു കഴിഞ്ഞു. കല്ലിക്കണ്ടിയിൽ 14 ലക്ഷം ലിറ്റർ ജലസംഭരണിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 5143 HTC നൽകി കഴിഞ്ഞു.

തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ ഉയർന്ന ഭാഗങ്ങളായ പാത്തിക്കൽ, നരിക്കോട്ടുമല എന്നീ പ്രദേശങ്ങളിലേക്ക് കുടിവെള്ളം എത്തിക്കുന്നതിന്റെ ഭാഗമായി നിർമ്മിക്കേണ്ട ജലസംഭരണികൾ സ്ഥാപിക്കുന്നതിനുള്ള 3 സ്ഥലങ്ങൾ വാട്ടർ അതോറിറ്റിക്ക് ലഭ്യമാവാത്തതിനാൽ തൃപ്പങ്ങോട്ടൂർ പഞ്ചായത്തിന്റെ സോൺ 2, സോൺ 3 എന്നീ പ്രവൃത്തികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

കുന്നോത്ത് പറമ്പ് പഞ്ചായത്ത്: ജൽ ജീവൻ മിഷൻ കുന്നോത്ത്പറമ്പ് പഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതി - പ്രസ്തുത പ്രവൃത്തിക്ക് 109.0 കോടി രൂപയുടെ ഭരണാനുമതിയും 82.57 കോടി രൂപയുടെ സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട് പ്രസ്തുത പ്രവൃത്തിയിൽ 160 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. കൈവേലിക്കലിൽ 19 ലക്ഷം ലിറ്റർ ജലസംഭരണിയുടെ പ്രവൃത്തി പുരോഗമിക്കുന്നുണ്ട് 2270 ഓളം HTC കണക്ഷനുകൾ നൽകി കഴിഞ്ഞു.

(ബി) പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

മറുപടി: ഇറിഗേഷൻ കാര്യാലയത്തിന് കീഴിലെ കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ PylP –Clearing Jungle and fixing of boundary stones of departmental land under PylP section No.3, Koothuparamba during digital survey conducted by Revenue Department in Kottayam Grama Panchayath എന്ന പ്രവൃത്തിക്ക് അതിർത്തിക്കല്ലുകളുടെ ലഭ്യതക്കുറവാണ് നിർമ്മാണം പൂർത്തീകരിക്കാൻ തടസ്സമായി നിൽക്കുന്നത്. സർവ്വെക്കല്ല് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

ഫണ്ടിന്റെ ലഭ്യതക്കുറവും റോഡ് കട്ടിങ് അനുമതി ലഭ്യമാകാതിരിക്കുന്നതും കേരള ജല അതോറിറ്റിയുടെ കീഴിൽ നടക്കുന്ന പ്രവൃത്തികളുടെ പുരോഗതിയെ ബാധിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ